

സേതുദാസ്/കെ. ഹരിദാസ്

# സമ്പദ്വ്യവസ്ഥ മാത്രം തുറന്നിടാനാവില്ല

**തുറന്ന സമ്പദ്വ്യവസ്ഥയും അടഞ്ഞ സമൂഹവുമെന്ന വൈരുദ്ധ്യമാണ് സമകാലിക ചൈനയുടെ അവസ്ഥ**

*'ഫ്രണ്ട്സ് ഓഫ് ടിബറ്റ്' ടിബറ്റൻ ജനതയുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന വിവിധ രാജ്യക്കാരായ പൗരന്മാരുടെ കൂട്ടായ്മയാണ്. മലയാളിയായ സേതുദാസ് ഈ സംഘടനയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളും പ്രസിഡന്റുമാണ്. ഈ ലേഖകൻ ബന്ധപ്പെടുമ്പോൾ അദ്ദേഹം സിംലയിലായിരുന്നു. സേതുദാസുമായുള്ള ഒരു ടെലഫോൺ അഭിമുഖത്തിൽ നിന്ന്:*

*ഇപ്പോഴത്തെ പ്രതിഷേധപ്രകടനങ്ങളുടെ സമയം ഒളിമ്പിക്സ് മേളയുമായി ബന്ധപ്പെട്ടു നിൽക്കുന്നത് യാദൃച്ഛികമാണോ?*

ആദ്യം നമുക്ക് ചൈനയെ നോക്കുക. ചൈനയുടെ വിദേശകാര്യമന്ത്രിയുടെ ഒരു പ്രസ്താവനയനുസരിച്ച് അവിടെ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 83000 പ്രതിഷേധപ്രകടനങ്ങൾ നടന്നിട്ടുണ്ട്. ഒട്ടേറെ വിഘടനപ്രസ്ഥാനങ്ങൾ ചൈനയ്ക്കകത്ത് ജന്മമെടുത്തിരിക്കുന്നു. നിരവധി പ്രശ്നങ്ങൾ തിളച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ എല്ലാ വർഷവും എന്തെങ്കിലും സംഭവിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ ഭാഗമായിത്തന്നെയാണ് ഇപ്പോഴത്തെ പ്രതിഷേധപ്രകടനങ്ങളേയും നമ്മൾ കാണേണ്ടതെന്നു തോന്നുന്നു. ഒളിമ്പിക്സിന്റെ ദീപശിഖ ടിബറ്റിലൂടെ കടന്നുപോകുമെന്നതു നേരുതന്നെ. പക്ഷേ, അതുമായി മാത്രം കാര്യങ്ങളെ ബന്ധപ്പെടുത്തിയാൽ പോര. ലാസയിൽ മാത്രമല്ല ഇപ്പോൾ പ്രകടനങ്ങൾ നടന്നത്. ടിബറ്റിൽ നാല്പത്തിമൂന്ന് പ്രദേശങ്ങളിലായാണ്. ദയനീയമായ സ്ഥിതിവിശേഷമാണിവിടെ. മൊബൈൽ ചിത്രങ്ങളും, ഇ-മെയിലുകളുമെല്ലാം വെളിപ്പെടുത്തുന്നത് ഈ ദയനീയതയുടെ ചിത്രങ്ങളാണ്.

## സൈനിക താല്പര്യവും മാലിന്യ നിക്ഷേപവും

*മാവോയ്ക്കുശേഷം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയ നയംമാറ്റവും കോർപ്പറേറ്റു മുതലാളിത്തത്തിനു പാർട്ടി നൽകുന്ന പ്രോത്സാഹനവും ടിബറ്റൻ അവസ്ഥയെ കൂടുതൽ വഷളാക്കിയെന്നു കരുതാമോ?*

എന്റെ അഭിപ്രായത്തിൽ ചൈനയ്ക്കെന്നല്ല ഒരു രാജ്യത്തിനും സ്വന്തം സമൂഹത്തെ അടച്ചുവച്ചുകൊണ്ട് സമ്പദ്വ്യവസ്ഥ മാത്രമായി തുറന്നിടാനാവില്ല. ചൈന ചെയ്യുന്നത് അതാണ്. അതിഭീമമായ വേഗതയോടെ അവർ സമ്പദ്വ്യവസ്ഥ തുറന്നിടുന്നു. സമൂഹമാകട്ടെ അടഞ്ഞരീതിയിൽ നിലനിർ

ത്തുകയും. ഒരുല്പന്നത്തെക്കുറിച്ചറിയാതെ, ഒരാൾ അതു വാങ്ങിക്കുന്നതെങ്ങിനെയാണ്? ചൈനീസ് സമൂഹത്തിന് പല അറിവുകളും നിഷേധിക്കപ്പെടുകയാണ്. ഇപ്പോൾത്തന്നെ ചില വെബ്സൈറ്റുകൾ ചൈനയിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. സ്വന്തം രാജ്യത്തിലെ സംഭവവികാസങ്ങളെക്കുറിച്ച് ചൈനീസ് ജനത അജ്ഞരാണ്. അമേരിക്കയിലേതുപോലെത്തന്നെയെന്നു പറയാം.

അമേരിക്കക്കാരനായ ഒരു സുഹൃത്തിനോട് ഹോവാർഡ് സിന്നിന്റെ 'പീപ്പിൾസ് ഹിസ്റ്ററി ഓഫ് അമേരിക്ക' എന്ന പുസ്തകം സംഘടിപ്പിച്ചു തരാൻ ഞാൻ ഒരു തവണ ആവശ്യപ്പെട്ടു. അദ്ദേഹം പുസ്തകം കൈപ്പറ്റി രണ്ടാഴ്ചകൾക്കുശേഷമേ എനിക്കു തന്നുള്ളൂ. കാലതാമസത്തിന്റെ കാരണമന്വേഷിച്ചപ്പോൾ സുഹൃത്ത് ആ പുസ്തകം വായിക്കുകയായിരുന്നുവെന്നു മനസ്സിലായി. "ഇതു നിങ്ങൾ വായിച്ചു കഴിഞ്ഞാൽ പിന്നീട് എന്നോടു സംസാരിക്കില്ലെന്ന ഭയമുണ്ടായി" എന്നാണ് സുഹൃത്ത് പറഞ്ഞത്. അമേരിക്കക്കാർ റെഡ് ഇന്ത്യൻസിനുമേൽ നടത്തിയ ക്രൂരത അത്രയ്ക്കായിരുന്നു. ഇതു പഴയ കാര്യമാണെന്നു വയ്ക്കാം. ഇപ്പോഴും അമേരിക്ക ഇറാക്കിലടക്കം നടത്തുന്ന ക്രൂരകൃത്യങ്ങൾ കൃത്യമായി അമേരിക്കൻ പൗരന്മാരറിയുന്നുണ്ടോ? അപ്പോൾ ജനങ്ങളിൽനിന്നു വിവരങ്ങൾ മറച്ചുവയ്ക്കുന്ന സ്വഭാവം വ്യത്യസ്തമായ തോതിൽ എല്ലാ ഭരണകൂടങ്ങൾക്കുമുണ്ട്. ചൈനയെ സംബന്ധിച്ചിടത്തോളം ജനങ്ങളെ കൊല്ലുന്നതിൽ അവർക്ക് യാതൊരുവിധ മടിയുമില്ല. സത്യത്തിൽ അവർ ലക്ഷ്യമിടുന്നത്, ടിബറ്റിലെ ഭൂമി മാത്രമാണ്. ഇന്ത്യയുമായി ഭൂമിശാസ്ത്രപരമായി അടുത്തു സ്ഥിതി ചെയ്യുക എന്ന ലക്ഷ്യത്തോടെ. സൈനികമായ ഈ ലക്ഷ്യമാണ് അല്ലാതെ ടിബറ്റൻ ജനതയോടുള്ള സ്നേഹമൊന്നുമല്ല ചൈനയ്ക്കുള്ളതെന്നു വ്യക്തം.

*സമീപകാല നയങ്ങളുടെയും പദ്ധതികളുടെയും ഫലമായി ടിബറ്റ് മാലിന്യങ്ങൾ കുന്നുകൂട്ടാനുള്ള ഭൂഖണ്ഡമായി മാറിക്കൊണ്ടിരിക്കുകയാണ് എന്ന വിമർശനമുണ്ടല്ലോ. ഇതേക്കുറിച്ച്?*

'ടിബറ്റിനെ നമുക്ക് ടിബറ്റുകാരുടെ കണ്ണുകളിലൂടെ നോക്കുക. അക്ഷരാർത്ഥത്തിൽ മാലിന്യ നിക്ഷേപഭൂമിയായി ടിബറ്റ് മാറുന്നുവെന്ന് പരിസ്ഥിതി വിവരശേഖരങ്ങൾ വെളിപ്പെടുത്തുന്നു. തീർച്ചയായും ഇത് ചൈനീസ് ഗവൺമെന്റിന്റെ മാത്രം സവിശേഷതയല്ല. നമ്മുടെ കേരളത്തിലും ഇതു തന്നെയാണല്ലോ സ്ഥിതി? ഈയിടെ ടിബറ്റിലെ ചില മുൻ രാഷ്ട്രീയ തടവുകാരോട് ഞാൻ സംസാരിക്കുകയുണ്ടായി, ഈ മാലിന്യക്കൂമ്പാരങ്ങളുടെ ഭൂമിയിലൂടെ ഏറെ സഞ്ചരിച്ചവരായിരുന്നു അവർ. തങ്ങൾ കണ്ട മാലിന്യങ്ങൾ ആണവമാലിന്യങ്ങളാണോ എന്നവർക്കറിയില്ല. അതും ഉണ്ടായിരിക്കാം.

പാരിസ്ഥിതികമായി മറ്റൊരു പ്രശ്നം ഉണ്ടാകാൻ പോകുന്നത് ചില നദികൾ വഴിതിരിച്ചുവിടാനുള്ള ചൈനീസ് ഭരണകൂടത്തിന്റെ പദ്ധതിയോടെയാണ്. ഈ വഴിതിരിച്ചുവിടലുകളുടെ ലക്ഷ്യം ബെയ്ജിങ്ങിലേയ്ക്ക് വെള്ളമെത്തിക്കുക എന്നതാണ്. നഗരങ്ങളിലെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ചൈനീസ് ഭരണക്കാരുടെയും അടിസ്ഥാന നയം. ടിബറ്റിന്റെ തലസ്ഥാനമായ ലാസയിൽനിന്ന് കുറച്ചു ദൂരത്തിലുള്ള ഒരു ഗ്രാമത്തിൽ താമസിക്കുന്ന ഒരു ബുദ്ധഭിക്ഷുവിനെ ഞാൻ ഈയിടെ കാണുകയുണ്ടായി. ആ ഗ്രാമത്തിൽ ഇപ്പോഴും വൈദ്യുതിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. വൈദ്യുതിയെല്ലാം ബെയ്ജിങ്ങിലേക്കു പോകുന്നു!

പക്ഷേ, ലാസാ നഗരത്തിനുമുണ്ട് ഒരു പങ്ക്. അവിടെ വലിയ ഷോപ്പിങ് മാളുകൾ വന്നുകഴിഞ്ഞു. പിന്നെ മദ്യശാലകൾ, വ്യഭിചാരശാലകൾ. ലാസയിൽനിന്ന് ബെയ്ജിങ്ങിലേക്ക് റെയിൽവേ പണിതു. എഞ്ചിനീയറിങ് രംഗത്തെ മികവുറ്റ അദ്ഭുതം തന്നെയാണത് എന്നാണ് പറയപ്പെടുന്നത്. പക്ഷേ, എത്ര ടിബറ്റുകാർ ഈ റെയിൽ വഴി യാത്ര ചെയ്യും? നമ്മുടെ രാജധാനി എക്സ്പ്രസ്സുപോലെയുള്ള വണ്ടികളിൽ എന്നപോലെ വരേണ്യരാകാം. തീർച്ചയായും ഇതൊന്നും ചൈനയുടെ മാത്രം സവിശേഷതകളല്ല.

*ദലയ്‌ലാമയുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനം മുഖ്യമായും മതസ്വാതന്ത്ര്യത്തിന്റെ പ്രശ്നം മാത്രം ഉന്നയിക്കുകയും, ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് മൗനമവലംബിക്കുകയുമല്ലേ ചെയ്യുന്നത്?*

ദലയ്‌ലാമയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യ കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ടല്ലോ. അവർ എല്ലാ വകുപ്പുകളും കൈകാര്യം ചെയ്യുന്നുണ്ട്. അതിൽ ബുദ്ധാശ്രമങ്ങളുടെ പ്രശ്നവും ഉൾപ്പെടുന്നു. പക്ഷേ, കൂടുതൽ ഊന്നൽ നൽകുന്നത് മതസ്വാതന്ത്ര്യത്തിനാണ് എന്ന കാര്യം ശരിതന്നെ.

*ദലയ്‌ലാമ ആവശ്യപ്പെടുന്നത് സ്വയംഭരണമാണ്, പൂർണ്ണ സ്വാതന്ത്ര്യമല്ല. താങ്കൾ അംഗമായ 'ഫ്രണ്ട്സ് ഓഫ് ടിബറ്റി'ന്റെ ഇക്കാര്യത്തിലുള്ള നിലപാടെന്താണ്?*

നോക്കൂ, ടിബറ്റിനെ ചൈനയുടേതാക്കി മാറ്റേണ്ട ഒരു ബാധ്യതയും ടിബറ്റിന്റെ സുഹൃത്തുക്കൾക്കില്ല. ഇപ്പോൾത്തന്നെ ടിബറ്റ് ചൈനയുടെ ഭാഗമാ



സേതുദാസ് ദലയ്‌ലാമയോടൊപ്പം

ണ്. ആവശ്യം വേർപെടലാണ്. ഒരുകാര്യംകൂടി ഇവിടെ മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ദലയ്ലാമ ആവശ്യപ്പെടുന്ന സ്വയംഭരണം സത്യത്തിൽ ഒരു പ്രത്യേക രാജ്യത്തിനുള്ള അവകാശങ്ങൾ തന്നെയാണ് വിഭാവനം ചെയ്യുന്നത്. ഉദാഹരണത്തിന്, ടിബറ്റിൽനിന്ന് ചൈനീസ് സേനയുടെ പൂർണ്ണമായ പിന്മാറ്റം, വിദേശനയരൂപീകരണത്തിന് പൂർണ്ണമായ സ്വാതന്ത്ര്യം എന്നിങ്ങനെ ദലയ്ലാമ ആവശ്യപ്പെടുന്ന സ്വയംഭരണ സമ്പ്രദായത്തിന്റെ അതിരുകൾ അതിവിശാലമാണ്.



*ദലയ്ലാമയുടെ അഹിംസാത്മക രീതി അനുയായികളിൽ അസംതൃപ്തി വളർത്തിക്കൊണ്ടിരിക്കുന്നുവെന്ന് സൂചനകളുണ്ടല്ലോ.?*

അതു ശരിയാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പിന്തുണ ഇപ്പോഴും കോട്ടമില്ലാതെ തുടരുന്നുവെന്നാണ് തോന്നുന്നത്. ഇപ്പോഴത്തെ പ്രതിഷേധക്കാർ പറഞ്ഞത് തന്നെ "ദലയ്ലാമയുടെ ടിബറ്റിലേക്കുള്ള മടക്കം, ടിബറ്റിന്റെ സ്വാതന്ത്ര്യം" എന്നാണല്ലോ.

## അമേരിക്കയോടുള്ള സമീപനം

***എ**ല്ലാ അനീതികൾക്കെതിരെയും ശബ്ദിക്കാൻ ബാദ്ധ്യസ്ഥനായ ദലയ്ലാമ ഇറാക്കിൽ അമേരിക്ക നടത്തുന്ന മനുഷ്യക്കുരുതിയെപ്പറ്റി മൗനം പാലിക്കുകയല്ലേ?*

ഒരിക്കലുമല്ല. അദ്ദേഹം ഇക്കാര്യത്തിൽ അമേരിക്കയെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. അദ്ദേഹം അമേരിക്കയുമായി അടുത്ത ബന്ധം പുലർത്തുന്നുവെങ്കിലും ഈ കാര്യത്തിൽ വിമർശനമുയർത്തിയിട്ടുണ്ട്. എപ്പോഴെന്ന് കൃത്യമായോർക്കുന്നില്ല. ഇന്റർനെറ്റിൽ ഗൂഗിൾ സർച്ച് വഴി കണ്ടെത്താവുന്നതാണ്.

*അമേരിക്കയെപ്പോലുള്ള ശക്തികളിൽ നിന്നല്ലേ അദ്ദേഹത്തിന് സാമ്പത്തിക സഹായം ലഭ്യമാകുന്നത്?*

നോക്കൂ, ദലയ്ലാമയെ സംബന്ധിച്ച പ്രശ്നമെന്താണെന്നുവച്ചാൽ അദ്ദേഹം സദ്ദാംഹുസൈനെയും ജോർജ് ബുഷിനെയും വ്യത്യസ്തരായി കാണുന്നില്ല എന്നതാണ്. ഒരിക്കൽ എന്റെ ഒരു സുഹൃത്തിനെ കണ്ടപ്പോൾ ദലയ്ലാമ അടുത്തു ചെന്നിട്ട് തന്റെ ഈ നീട്ടിയ മുടിയും താടിയുമൊക്കെ വെട്ടിക്കളയണം എന്നു പറയുകയുണ്ടായി. എന്റെ സുഹൃത്ത് അദ്ഭുതപ്പെട്ടുപോയി. ദലയ്ലാമയുടെ സ്വഭാവം അങ്ങനെയാണ്. എത്ര ചെറിയ മനുഷ്യരോടും സംവദിക്കുന്നു. മനുഷ്യരെ തുല്യരായി കാണുന്നു. സാമ്പത്തിക സഹായത്തിന്റെ കാര്യം. ഒളിവിൽ പ്രവർത്തിക്കുന്ന ടിബറ്റൻ ഗവൺമെന്റിന്റെ പ്രധാനമന്ത്രി പ്രൊഫ. സാംധോഗ് റിംപോച്ചെയോട് ഇക്കാര്യം ഞാൻ തുറന്നു പറയുകയുണ്ടായി.

അമേരിക്കയും യൂറോപ്യൻ യൂണിയനും മറ്റും ടിബറ്റിനു നൽകുന്ന പിന്തുണ വിമർശനാത്മകമായിത്തന്നെ കാണേണ്ടതുണ്ടെന്നാണ് എന്റെ പക്ഷം. മർദ്ദകരായ രാഷ്ട്രങ്ങളിൽനിന്ന് പണം വാങ്ങുന്നത് ശരിയല്ല എന്നാണ് ഞാൻ റിംപോച്ചെയോട് പറഞ്ഞത്. അത്തരം സഹായങ്ങളിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യം ശാശ്വതമായ ഒന്നാകില്ല. പോളണ്ടിന്റെ കാര്യം തന്നെ നോക്കിയാലറിയാം. പടിഞ്ഞാറൻ നാടുകളുടെ സഹായത്തോടെ 'സ്വാതന്ത്ര്യം' നേടിയ പോളണ്ട്, പിന്നീട് ഇറാക്കിലേക്ക് സൈന്യത്തെ അയയ്ക്കാൻ മുന്നിൽ നിന്നു.

*വംശീയതയുടെ പ്രശ്നം പരിഹരിക്കാനായി കൂടുതൽ ചൈനക്കാരെ തിബറ്റിൽ കുടിയേറ്റി പാർപ്പിക്കുക എന്ന നയം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുണ്ടോ?*

ജനക്കൂട്ടങ്ങളുടെ സ്ഥലമാറ്റം (Population transfer) ചൈനയുടെ ഒരു അംഗീകൃത രീതിയാണ്. ലാസയിൽ ടിബറ്റുകാരും ചൈനക്കാരും ഇപ്പോൾ 6:12 എന്ന അനുപാതത്തിലാണ്. ടിബറ്റ് ഗവൺമെന്റിലെ ഒരു മന്ത്രി എന്നോടു പറഞ്ഞത്, ടിബറ്റിലെ അന്ത്യപ്രദേശത്ത് ഒരു ടാക്സിയിൽ നിങ്ങൾ യാത്ര ചെയ്തു നോക്കൂ, ഒരു ടിബറ്റൻ വംശജനെപ്പോലും കാണാനാകില്ല എന്നാണ്. ടിബറ്റിൽ ഒരുപാട് പ്രകൃതിവിഭവങ്ങളുണ്ട്. അതെല്ലാം ചൈന തട്ടിയെടുക്കുകയാണ് ചെയ്യുന്നത്.

*ഇപ്പോഴത്തെ പ്രതിഷേധങ്ങൾ, ടിയനൻമെൻ സ്ക്വയറിൽ സംഭവിച്ചതുപോലെ അടിച്ചമർത്തപ്പെടാൻ തന്നെയല്ലേ സാദ്ധ്യത?*

അതാണ് ഞങ്ങളുടെ ഭയം. മ്യാൻമറിൽ സംഭവിച്ചത് ഇവിടെയും സംഭവിക്കാം. അവിടെ വൻ പ്രതിഷേധങ്ങൾക്കുശേഷം നീണ്ട നിശ്ശബ്ദതയാണല്ലോ. ചൈനീസ് ഭരണകൂടത്തിന് എന്തിനേയും അടിച്ചമർത്താനാകും. ടിയനൻമെൻ സ്ക്വയർ പോലെതന്നെ. പിന്നെ ജനങ്ങൾ എല്ലാം മറക്കും എന്നവർക്കറിയാം. ഈ കാര്യങ്ങൾ ഞങ്ങളെ വല്ലാതെ വ്യാകുലരാക്കുന്നു. ടിബറ്റൻ പ്രധാനമന്ത്രിയും അതുതന്നെയാണ് പറഞ്ഞത്. ഇന്നത്തെ സ്പിരിറ്റ് ജീവത്തായി നിലനിർത്തുക എന്ന വലിയ വെല്ലുവിളിയാണ് ടിബറ്റൻ ജനത അഭിമുഖീകരിക്കുന്നത്.

*അവസാനമായി ചോദിക്കട്ടെ, എങ്ങനെയാണ് താങ്കൾ 'ഫ്രണ്ട്സ് ഓഫ് ടിബറ്റ്' എന്ന സംഘടനയിൽ എത്തിപ്പെട്ടത്?*

1995ൽ 'ഇക്കണോമിക് ടൈംസി'ൽ ജോലി ചെയ്തിരുന്ന കാലത്ത് ഒരു ഉത്തരേന്ത്യൻ യാത്രയിൽ ധർമ്മശാലയിൽ ചെല്ലാനിടയായി. അവിടെ കണ്ട അവിശ്വസനീയമായ കാഴ്ചകളും, കേട്ട വാർത്തകളും എന്നെ വല്ലാതെ സ്വാധീനിച്ചു. പീഡനങ്ങളിൽ അവയവങ്ങൾ നഷ്ടപ്പെട്ടവരേയും കാണാനിടയായി. പിന്നീട് ഞാൻ അവിടെ സ്ഥിരം സന്ദർശകനായി. ആ വഴി ടിബറ്റിയൻ സൗഹൃദത്തിന്റേതായി മാറി. ഇന്ത്യയിൽ ഇരുപത്തൊന്നും വിദേശത്ത് ഏഴും യൂണിറ്റുകൾ 'ഫ്രണ്ട്സ് ഓഫ് ടിബറ്റ്' എന്ന സംഘടനയ്ക്കുണ്ട്. ■